ഖുത്ബ നമ്പർ

**50**

**13-12-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: റ്റി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ



Baitul Futuh, London

# ആത്മ സംസ്കരണത്തിനുള്ള മാർഗങ്ങൾ

കഴിഞ്ഞ രണ്ട് ഖുത്ബകളിലായി കർമ്മ സംസ്കരണത്തെ സംബന്ധിച്ച് ഞാൻ വിശദീകരിച്ച് വരികയാണ്. കഴിഞ്ഞ ജുമുഅയിൽ ഈ വിഷയസംബന്ധമായി ഹ: മസീഹ് മൗഊദ് عليه السلام നമുക്ക് നൽകിയിരിക്കുന്ന അധ്യാപനങ്ങളുടെ ചില ഭാഗങ്ങളെ കുറിച്ച് ഞാൻ ചോദ്യ രൂപത്തിൽ നിങ്ങൾക്ക് മുമ്പാകെ സമർപ്പിച്ചിരുന്നു. അഥവാ ഏത് രീതിയിലാണ് ഹ: മസീഹ് മൗഊദ് عليه السلام നമ്മോട് ഈ കാര്യങ്ങളെ കുറിച്ച് ഉണർത്തിയിരികുന്നത് എന്ന് ചോദ്യോത്തര ശൈലിയിൽ നാം ആ കാര്യങ്ങൾ ചെയ്യുന്നുണ്ടോ ഇല്ലയോ എന്നതിനെ കുറിച്ചും പറഞ്ഞിരുന്നു. നമ്മുടെ കർമ്മങ്ങളുടെ സംസ്കരണം കേവലം ഈ കാര്യങ്ങളിൽ മാത്രം പരിമിതമായതല്ല. ഇസ്ലാമിക അദ്ധ്യാപനങ്ങൾക്ക് എണ്ണമറ്റ വശങ്ങൾ ഉണ്ട്. എണ്ണമറ്റ കൽപനകൾ വിശുദ്ധ ഖുർആൻ നമുക്ക് നൽകിയിരിക്കുന്നു ഹ: മസീഹ് മൗഊദ് عليه السلام തന്റെ അധ്യാപനങ്ങളിൽ നമ്മുടെ പരിഷ്കരണത്തിനായിക്കൊണ്ട് വ്യക്തമായ രീതിയിൽ പറയുന്നു: ''ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു ഏതൊരു വ്യക്തിയാണോ വിശുദ്ധ ഖുർആന്റെ ഏഴുനൂറ് കല്പനകളിൽ ഒരു നിസ്സാരമായ കൽപനയെ പോലും അവഗണിക്കുന്നത് അവൻ മോക്ഷത്തിന്റെ വാതിൽ തന്റെ സ്വകരങ്ങളാൽ കൊട്ടിയടക്കുകയാണ് ചെയ്യുന്നത്.'' ഇത് നമ്മളെ ഭയചകിതരാക്കുന്ന വിഷയമാണ്. നാം നമ്മുടെ ഓരോ പ്രവർത്തനങ്ങളും, ഓരോ ചുവടുവയ്പ്പും തന്നെ ആലോചിച്ചും ചിന്തിച്ചും ചെയ്യേണ്ടതുണ്ട്. ഞാൻ മുൻ കഴിഞ്ഞ ഖുത്ബകളിലും പറഞ്ഞതാണ്, ഹ: മസീഹ് മൗഊദ് عليه السلام ന്റെ ആഗമനോദ്ദ്യേശം, വിശുദ്ധ ഖുർആന്റെ കല്പനകളെ നമ്മിൽ നടപ്പിൽ വരുത്തുക എന്നതാണ്. ഈ അധ്യാപനങ്ങളെ നിലനിർത്തുക എന്നതാണ്. അത് പോലെ റസൂൽ കരീം ﷺ യുടെ പരിശുദ്ധ സ്വഭാവ മാതൃകയിലും, അദ്ദേഹത്തിന്റെ മാർഗ്ഗത്തിലും നമ്മെ നയിക്കുക എന്നതാണ്, ഈ ലക്ഷ്യപ്രാപ്തിക്കായി അദ്ദേഹം വീണ്ടും വീണ്ടും നമ്മളുടെ ശ്രദ്ധ ക്ഷണിച്ച്കൊണ്ടിരിക്കുന്നു. അഥവാ നാം ആത്മാർഥതയൊടുകൂടി നമ്മുടെ ആത്മപരിശോധന നടത്തുകയാണെങ്കിൽ, ഞാൻ ആദ്യം സൂചിപ്പിച്ചത് പോലെ നമ്മുടെ കർമ്മപരമായ സംസ്കരണം ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞിട്ടുള്ള ഈ കാര്യങ്ങൾ കേട്ട് കൊണ്ട് കുറച്ച് ദിവസത്തേക്ക് സാധ്യമാകുന്നു. പിന്നീട് വീണ്ടും ഏത് അവസ്ഥയിലാണോ ഉണ്ടായിരുന്നത് അതേ അവസ്ഥയിലേക്ക് തന്നെ നമ്മിൽ ഭൂരിഭാഗം ആളുകളും മടങ്ങുന്നതായി കാണാവുന്നതാണ്.

ഞാൻ കഴിഞ്ഞ ഖുത്ബയിൽ ഉദാഹരണമായി പറഞ്ഞ കളിപ്പാട്ടത്തേപ്പോലെയാണ് നമ്മുടെ അവസ്ഥ. അതിന്റെ മൂടിയുടെ സമ്മർദ്ധം ഉള്ളത് വരെ അത് അടങ്ങിയിരുന്നു. മൂടി തുറക്കുമ്പോൾ തന്നെ സ്പ്രിങ്ങ് അതിനെ പുറത്തേക്ക് എടുത്തെറിയുന്നു. അത് പോലെ ഏത് വരെ ഒരു വിഷയത്തെ കുറിച്ച് തുടർച്ചയായി ഉപദേശം തുടർന്ന് കൊണ്ടേ ഇരിക്കുന്നുവോ ഭൂരിഭാഗവും ആളുകളിലും അതിന്റെ സ്വാധീനം ഉണ്ടാകുന്നു. ഈ ഉപദേശങ്ങളുടെ സമ്മർദ്ദം നിലക്കുമ്പോൾ, തിന്മയുടെ സ്പ്രിങ്ങ് തെറുപ്പിച്ച് കൊണ്ട് ഏതെങ്കിലും ഒരു തിന്മയിലേക്ക് എടുത്ത് എറിയപ്പെടുന്നു. ചില മാന്യവ്യക്തികൾ കഴിഞ്ഞ ഖുത്ബകൾക്ക് ശേഷം എനിക്ക് എഴുതുകയുണ്ടായി അതായത് ഞങ്ങൾ പരിശ്രമിക്കുകയും ചെയ്യുന്നു. ദുആയും ചെയ്യുന്നുണ്ട്, ആയതിനാൽ ഈ ഖുത്ബകളുടെ സ്വാധീനം കൊണ്ട് അടച്ചു മൂടപ്പെട്ട ഈ തിന്മയുടെ കളിപ്പാട്ടം എന്നന്നേക്കുമായി അടഞ്ഞു തന്നെ ഇരിക്കുവാനും അത് കുറച്ച് കാലത്തിന് ശേഷം പുറത്തേക്ക് വരാതിരിക്കാനുമായി താങ്കളും ദുആ ചെയ്യുക.

എന്തായാലും നാം വിചിന്തനം ചെയ്യേണ്ടതുണ്ട്. എന്ത് കാരണം കൊണ്ടാണ് ഈ കളിപ്പാട്ടം (Jack) വീണ്ടും വീണ്ടും തന്റെ പെട്ടിയിൽ നിന്നും പുറത്തേക്ക് വരുന്നത്. ഒരു വിഷയത്തിൽ പരിഷ്കരണം സാധ്യമാകണമെങ്കിൽ, അല്ലെങ്കിൽ പരിഷ്കരണത്തിന്റെ വിവിധങ്ങളായ മാർഗ്ഗങ്ങൾ അവലംബിക്കണമെങ്കിൽ ഈ ന്യൂനതയുടെ കാരണങ്ങൾ അറിയേണ്ടതുണ്ട്. അങ്ങനെ ആ കാരണങ്ങളെ അവസാനിപ്പിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. അഥവാ കാരണങ്ങൾ നിലനിൽക്കുകയാണെങ്കിൽ, തിന്മകൾ വളരുന്നതാണ്. അത് മടങ്ങിവരുന്നതാണ്.

ഈ വിഷയത്തെ കുറിച്ച് ഞാൻ ചിന്തിച്ചപ്പോൾ, കൂടുതൽ പഠനങ്ങൾ നടത്തിയപ്പോൾ, ഹ: മുസ്ലിഹ് മൗഊദ് നിർദ്ദേശിച്ചിട്ടുള്ള ചില പരിഹാരമാർഗ്ഗങ്ങൾ എനിക്ക് ലഭിക്കുകയുണ്ടായി. ഹ: മുസ്ലിഹ് മൗഊദ് عليه السلام ന്റെ ലേഖന, പ്രഭാഷണ ശൈലികളുടെ സവിശേഷത, സാധ്യമായ ചോദ്യങ്ങൾ ഉന്നയിച്ച് കൊണ്ട്, ഉദാഹരണത്തിലൂടെ അതിന് ഉത്തരങ്ങൾ നൽകുക എന്നതാണ്. വിശുദ്ധ ഖുർആനും, ഹദീസും, ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളുടേയും വെളിച്ചത്തിൽ അദ്ദേഹം പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന രീതി മറ്റ് എവിടെയും കാണാൻ സാധ്യമല്ല.

ഏതായാലും ഹ: മുസ്ലിഹ് മൗഊദ് رضي الله عنه ന്റെ ഖുത്ബകളിൽ നിന്ന് പ്രയോജനം എടുത്ത്കൊണ്ട് അതിന്റെ വെളിച്ചത്തിൽ തന്നെ ഇക്കാരണങ്ങളെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതാണ് എന്ന് ഞാൻ വിചാരിക്കുകയുണ്ടായി.

കർമ്മങ്ങളുടെ സംസ്കരണത്തിൽ തടസ്സമാകുന്ന വിഷയങ്ങളിൽ, അല്ലെങ്കിൽ സ്വാധീനിക്കപ്പെടുന്ന കാര്യങ്ങളിൽ ഏറ്റവും പരമപ്രധാനമായ കാര്യം, ആളുകൾ കരുതുന്നത് ചില തിന്മകൾ വലുതും ചില തിന്മകൾ ചെറുതും ആണ് എന്നാണ്, അതായത് ആളുകൾ സ്വയംകൃതമായി, അല്ലെങ്കിൽ ചില ഉലമാക്കളുടെ വാക്കുകളിൽ ആകൃഷ്ടരായിക്കൊണ്ട് ചില പാപങ്ങൾ ചെറുതും ചില പാപങ്ങൾ വലുതുമാണ് എന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇതേ കാരണം തന്നെയാണ് കർമ്മപരമായ സംസ്കരണത്തിന് വിലങ്ങുതടിയാകുന്നത്. ഇക്കാരണത്താൽ മനുഷ്യന് ധൈര്യം ലഭിക്കുന്നു. തിന്മകൾ ചെയ്യാനുള്ള ഊർജ്ജം ലഭ്യമാകുന്നു. തെറ്റുകളുടേയും പാപങ്ങളുടെയും മൂല്യം തന്നെ ഇല്ലാതാകുന്നു. ഇവർ മനസ്സിലാക്കുന്നത് ചെറിയ പാപങ്ങൾ ചെയ്യുന്നത് കൊണ്ട് ഒരു കുഴപ്പവും ഇല്ലാ അല്ലെങ്കിൽ ശിക്ഷ വളരെ നിസ്സാരമായിരിക്കും എന്നാണ്.

ഹ : മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു: ''അഥവാ ഒരാൾ രോഗിയാവുകയാണെങ്കിൽ അവന്റെ രോഗം ചെറുതാണെങ്കിലും വലുതാണെങ്കിലും ശരി, ആ രോഗത്തിന് വേണ്ട മരുന്ന് കഴിക്കാതിരിക്കുകയാണെങ്കിൽ, ചികിത്സയ്ക്ക് വേണ്ടി ബുദ്ധിമുട്ടാതിരിക്കുകയാണെങ്കിൽ, രോഗം ഒരിക്കലും ഭേദമാവുകയില്ല.'' ഒരു കറുത്ത പുള്ളി മുഖത്ത് ഉണ്ടാവുകയാണെങ്കിൽ അത് വലിയ ചിന്താ കുഴപ്പങ്ങൾക്ക് കാരണമാകുന്നു. ഇത് വലുതായി മുഴുവൻ മുഖത്തേയും കറുപ്പാക്കാതിരിക്കട്ടെ എന്ന ചിന്തയുണ്ടാകുന്നു. അത് പോലെ തന്നെ പാപങ്ങൾ കാരണത്താലും ഒരു കറുത്ത പുള്ളി ഹൃദയത്തിൽ ഉണ്ടാകുന്നു. **സഗായിർ** അഥവാ ചെറിയ പാപങ്ങൾ, അശ്രദ്ധകാരണത്താൽ വലിയ പാപങ്ങളായി മാറുന്നു. **സഗായിർ** എന്നത് ചെറിയ പാപത്തിന്റെ കറയാകുന്നു. അത് വളർന്ന് അവസാനം മുഴുവൻ മുഖത്തേയും കറുപ്പിച്ച് കളയുന്നു. ഈ കാര്യം നാം എപ്പോഴും ഓർത്തിരികേണ്ടതാണ്. അതായത് ഒരു തിന്മയേയും മനുഷ്യൻ നിസ്സാരമായിക്കാണരുത്. കാരണം ഇത് നിസ്സാരരായ തിന്മയാണ് എന്ന ചിന്ത ഉണ്ടാകുകയാണെങ്കിൽ, ഈ രോഗത്തിന്റെ വിത്ത് ഒരിക്കലും നശിപ്പിക്കപ്പെടുന്നതല്ല. സാഹചര്യങ്ങൾക്ക് അനുസൃതമായിക്കൊണ്ട് ഈ ചെറിയ തെറ്റുകളും, വലിയ പാപങ്ങളായി തീരുന്നതാണ്, ആകയാൽ നാമെല്ലാവരും ആത്മപരിശോധന നടത്തേണ്ടതുണ്ട്. അല്ലാഹു തഅലാ ഓരോ ചെറിയ പാപങ്ങൾക്ക് പോലും ശിക്ഷ നിർണ്ണയിച്ചിട്ടുണ്ട്. അത് പോലെ തന്നെ വലിയ പാപങ്ങൾക്കും.

നാം ഹ: റസൂൽ ﷺ യിലേക്ക് നോക്കുകയാണെങ്കിൽ അദ്ദേഹം ചെറുതും വലുതുമായ നന്മ തിന്മകളെ കുറിച്ച് ഏത് രീതിയിലാണ് വിശദീകരിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്. അദ്ദേഹം വ്യത്യസ്തമായ സാഹചര്യങ്ങളിൽ വ്യത്യസ്തരായ ആളുകൾക്ക് വ്യത്യസ്തമായ നിർദ്ദേശങ്ങൾ നൽകിയതായി കാണാൻ സാധിക്കുന്നതാണ്.

ഒരിക്കൽ അദ്ദേഹത്തോട് ഏറ്റവും വലിയ നന്മ ഏതാണ് എന്ന് ചോദിച്ചപ്പോൾ മാതാപിതാക്കളെ സേവിക്കുന്നതാണ് ഏറ്റവും വലിയ നന്മ എന്ന് പറഞ്ഞു, മറ്റ് ചില വ്യക്തികൾ വലിയ നന്മകളെകുറിച്ച് ചോദിച്ചപ്പോൾ, തഹജ്ജുദ് നമസ്കാരം നിർവ്വഹിക്കുന്നത് ഏറ്റവും വലിയ നന്മയാണ് എന്ന് അദ്ദേഹം അരുൾ ചെയ്തു. ചില വ്യക്തികൾ വലിയ നന്മയെ കുറിച്ച് ചോദിച്ചപ്പോൾ, നിനക്ക് ഏറ്റവും വലിയ നന്മ ജിഹാദിൽ പങ്കെടുക്കലാണ് എന്നദ്ദേഹം അരുൾ ചെയ്തു. ഇതിൽ നിന്നും വ്യക്തമാകുന്നത് വലിയ നന്മ വ്യത്യസ്തമായ സാഹചര്യത്തിൽ വ്യത്യസ്ത വ്യക്തിത്വങ്ങൾക്ക് വ്യത്യസ്തമായിരിക്കുന്നു എന്നതാണ്. ജിഹാദിന്റെ നന്മയെകുറിച്ച് സാന്ദർഭികമായി മറ്റൊരു കാര്യം കൂടി പറയുകയാണ്, നമ്മൾ ജിഹാദ് ചെയ്യാറില്ല എന്ന് ചിലർ ആക്ഷേപം ഉന്നയിക്കാറുണ്ട്. ആ കാലഘട്ടത്തിൽ ഇസ്ലാമിന്റെ മേൽ എല്ലാ ഭാഗത്ത് നിന്നും വാളുകൾ കൊണ്ട് അതിക്രമങ്ങൾ ചെയ്തിരുന്നു, ആകയാൽ വാളുകൊണ്ടുള്ള ജിഹദ് തന്നെ ഏറ്റവും വലിയ ജിഹാദ് ആയിരുന്നു. ന്യായമായ കാരണത്താൽ അല്ലാതെ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കുന്നവരെ അല്ലാഹു ശിക്ഷയ്ക്ക് അർഹരാക്കിയിരുന്നു. എന്നാൽ റസൂൽ കരീം

അരുൾ ചെയ്തിരിക്കുന്നു: ''മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിൽ **യസ്ഉൽ ഹർബ്** ചെയ്യപ്പെടുന്നതാണ്. അതായത് യുദ്ധങ്ങൾ അവസാനിപ്പിക്കപ്പെടുന്നതാണ്. എന്തുകൊണ്ടെന്നാൽ ഇസ്ലാം മതത്തിന്നെതിരിൽ ആക്രമണത്തിന്റെ ശൈലികൾ മാറുന്നതാണ്. ഇസ്ലാമിന്നെതിരിൽ ദീനെന്ന നിലയിൽ വാൾകൊണ്ട് അക്രമം നടത്തപ്പെടുകയില്ല. ലേഖനവും, പ്രസ്സുകളും, മീഡിയകളും, മറ്റ് മാർഗ്ഗങ്ങളും മുഖേന ഇസ്ലാമിന് എതിരിൽ അക്രമം നടക്കുന്നതാണ്. ആയതിനാൽ മസീഹ് മൗഊദ് عليه السلام ഉം അദ്ദേഹത്തിന്റെ ജമാഅത്തും ഇസ്ലാമിന്നെതിരിൽ അക്രമം ചെയ്യപ്പെടുന്ന അതേ ആയുധത്തെ തിരിച്ച് പ്രയോഗിക്കുന്നതാണ്. ഇതേ കാര്യത്തെ മുൻ നിർത്തിക്കൊണ്ട് ഹ: മസീഹ് മൗഊദ് عليه السلام തന്റെ ഒരു കവിതാശകലത്തിൽ പറയുന്നു, “ദീനിന് ഇനി യുദ്ധവും കൊലയും ഹറാമാക്കപ്പെട്ടിരിക്കുന്നു.'' അതായത് ഒരു കാലഘട്ടത്തിൽ വാൾകൊണ്ടുള്ള ജിഹാദിന്റെ നന്മ അനുവദനീയവും അനിവാര്യവുമായിരുന്നു. കാരണം ഇസ്ലാമിനെ വാളിന്റെ ശക്തികൊണ്ട് നശിപ്പിക്കപ്പെടുകയും അതിനുവേണ്ടി പരിശ്രമങ്ങൾ നടക്കുകയുമായിരുന്നു. എന്നാൽ ഇപ്പോൾ അത് നന്മയല്ല മറിച്ച് അത് തടയപ്പെട്ടിരിക്കുന്നു. ഇസ്ലാമിന് എതിരിൽ വാള് ഉയർത്തപ്പെടാത്തത് വരെ, ഇസ്ലാമിന് എതിരിൽ എതിർശക്തികൾ ആയുധങ്ങൾ എടുക്കുന്നത് വരെ ജിഹാദ് ഹറാം ആക്കപ്പെട്ടിരിക്കുന്നു. അപ്പോൾ നന്മയും, അനുവദനീയവുമായ ജിഹാദ് എന്നത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ പ്രചരിപ്പിക്കുന്ന ജിഹാദാണ്. അറിവിന്റെ ജിഹാദാണ്. പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ ഇസ്ലാമിന്റെ മനോഹര അധ്യാപനങ്ങളെ പ്രചരിപ്പിക്കുന്ന ജിഹാദാണ്. തന്റെ പരിമിതമായ അറിവ് മൂലമോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ നേരിട്ട് ഒരാൾ അറിവ് കൊണ്ടുള്ള ജിഹാദിൽ പങ്കെടുക്കുന്നില്ലാ എങ്കിൽ പ്രസിദ്ധീകരണത്തിലും, തബ്ലീഗ് പ്രവർത്തനത്തിലും സാമ്പത്തിക ത്യാഗത്തിന്റെ ജിഹാദുകളിലും പങ്കെടുക്കുക. എന്നാൽ ഈ ജിഹാദ് ചെയ്യുന്നവർ അഥവാ തന്റെ ഭാര്യാമക്കളെ ശരിയായ രീതിയിൽ ഗൗനിക്കുന്നില്ലായെങ്കിൽ അവന് ഏറ്റവും വലിയ നന്മ ഈ ജിഹാദല്ല. മറിച്ച് വലിയ നന്മ അവന്റെ മേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്ന കടമകൾ പൂർത്തിയാക്കുക എന്നതാണ്. അവരെ, അവരുടെ അവകാശങ്ങളിൽ നിന്ന് പുറത്താക്കുന്നതും, അവർക്ക് അർഹമായ വ്യദ്യാഭ്യാസം നൽകാതിരിക്കുന്നതുമായ ആളുകൾ പാപിയായിത്തീരുന്നതാണ്.

റസൂൽ ﷺ യുടെ കാലഘട്ടത്തിൽ ജിഹാദിന്റെ നിർബന്ധ കടമയേ കൂടാതെ, അദ്ദേഹം ചില വ്യക്തികളോട് മാതാ പിതാക്കളെ സേവിക്കുന്നത് വലിയ നന്മയാണെന്ന് പറയുക യുണ്ടായി ഓരോ വ്യക്തിക്കും സാഹചര്യത്തിന്റെ അടിസ്ഥാ നത്തിൽ വലിയ ജോലിയും വലിയ നന്മയും വ്യത്യസ്ത മാക്കപ്പെട്ടിരിക്കുന്നു. അത്പോലെ തന്നെ തെറ്റായ കാര്യങ്ങൾക്ക് വേണ്ടി പണം ചെലവാക്കുന്നത് നാം കാണുന്നുണ്ട് ഇതും ഒരു തിന്മയാണ്. ഇത് തടയപ്പെട്ടി രിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ചുത്കളി യന്ത്രങ്ങ ളുണ്ട്, വ്യത്യസ്തമായ രീതിയിലുള്ള മറ്റ് ചൂത്കളികളും ഉണ്ട്. പല ആളുകളും ലോട്ടറികൾക്ക് അടിമകൾ ആയവരുണ്ട് ചിലർ ചൂത്കളി യന്ത്രങ്ങളിൽ ഇരുന്ന്കൊണ്ട് ചൂത് കളിക്കുന്നവെങ്കിൽതന്നെയും അവർ കള്ളം പറയുന്നില്ല. സാധാരണ സാഹചര്യങ്ങളിൽ സാധാരണക്കാരോട് അവർ അതിക്രമം കാണിക്കാറില്ല. കൊലചെയ്യാറില്ല. എന്ത്കൊണ്ടെ ന്നാൽ അവർ ഈ പാപങ്ങളെ വലിയ തിന്മകളായി കാണുന്നു. എന്നാൽ ചൂതാട്ടത്തെയും അനാവശ്യമായ കാര്യങ്ങൾക്ക് വേണ്ടി ധൂർത്ത് അടിക്കുന്നതിനെയും ഇവർ തെറ്റായിക്കാണുന്നില്ല. ഇങ്ങനെയുള്ള വ്യക്തികൾക്ക് തെറ്റായ മാർഗ്ഗത്തിൽ പണം ധൂർത്തടിക്കുന്നതാണ് ഏറ്റവും വലിയ പാപം. കാരണം മറ്റ് തിന്മകളെ അവൻ തിന്മകളായിത്തന്നെ കാണുന്നു എന്നതാണ്.

അത്പോലെത്തന്നെ നാം കാണുന്ന മറ്റൊരു വസ്തുത ഒരു സ്ത്രീ തന്റെ വസ്ത്രധാരണം നാണത്തിന്റെ നിലവാരമു ള്ളതാക്കി വയ്ക്കുന്നില്ലാ എന്നതാണ്. പുറത്ത് പോകുമ്പോൾ പർദ്ദയുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. അഹ്മദി ആയിരു ന്നിട്ടും അഹ്മദി എന്ന് പറയപ്പെട്ടിട്ടും കൂടി തലയിൽ തട്ടമി ടാതെ, സ്കാർഫും, ഷാളുമില്ലാതെ, ശരീരത്തിന്റെ നഗ്ന തയെ വെളിപ്പെടുത്തുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്തുന്നു. എന്നാൽ സാമ്പത്തിക ത്യാഗത്തെ കുറിച്ച് പറഞ്ഞാൽ, ഏതെങ്കിലും സന്നദ്ധസംഘടനകൾക്ക് വേണ്ടി പണം നൽകാൻ പറഞ്ഞാൽ തുറന്ന ഹൃദയത്തോടെ നൽകുന്നു. അതല്ലെങ്കിൽ കള്ളം പറയുന്നതിനെ അവർ വെറുക്കുന്നു, അവരുടെ മുന്നിൽ ആരെങ്കിലും കള്ളം പറഞ്ഞാൽ അവർക്ക് അത് താങ്ങാൻ പോലും കഴിയില്ല. അങ്ങനെയുള്ളവർക്ക് വലിയ നന്മ എന്നത് ചന്ദയിൽ മുന്നേറുന്നതോ, നുണയെ വെറുക്കുന്നതോ അല്ല. മറിച്ച് തങ്ങളുടെ വസ്ത്രങ്ങളെ നാണത്തിന്റെ നിലവാരമുള്ള താക്കിമാറ്റുക എന്ന വിശുദ്ധ ഖുർആന്റെ കല്പന പാലിക്കുന്നതും പർദ്ദയെ കുറിച്ച് ശ്രദ്ധിക്കുന്നതുമാണ് വലിയ നന്മ എന്നത്.

ചെറിയ നന്മയെന്ന് കരുതി അവർ അവഗണിച്ച് കളയുന്നത് തന്നെ ഒരു സമയത്ത് വലിയ നാശത്തിന് ഹേതുവായിത്തീരു ന്നതാണ്. ചുരുക്കത്തിൽ ഓരോ നന്മയുടെയും തിന്മയു ടേയും നിലവാരം എന്നത് ഓരോ വ്യക്തിയുടെയും സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ്. വ്യത്യസ്തരായ ആളുകളുടെ പ്രവർത്തനം നന്മയുടെയും തിൻമയുടെയും നിർവ്വചനത്തെ അവർക്ക് മാറ്റി എഴുതപ്പെടുന്നതാണ്. ഇന്ന തിന്മ വലുതാണ്, ഇന്നത് ചെറുതാണ്, അത് പോലെ ഇന്ന നന്മ വലുതാണ്, ഇന്നത് ചെറുതാണ് എന്ന ചിന്ത ഉള്ളതു വരെ മനുഷ്യൻ തിന്മയിൽ നിന്ന് രക്ഷപ്പെടുന്നതല്ല. നന്മകൾക്കുള്ള സൗഭാഗ്യം ലഭിക്കുകയും ഇല്ല.

എപ്പോഴും നമ്മുടെ മുന്നിൽ ഈ കാര്യം ഉണ്ടായിരി ക്കേണ്ടതാണ്, വലിയ തിന്മ എന്നത് നമുക്ക് ഉപേക്ഷിക്കാൻ സാധിക്കാത്ത കാര്യമാണ്. അതിനായി വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വരും, കാരണം അത് മനുഷ്യസ്വഭാവത്തിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുണ്ടാകും. അത് പോലെ വലിയ നന്മ എന്നത് മനുഷ്യന് പ്രവർത്തിക്കാൻ ഏറ്റവും ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യമാണ്. പല തിന്മകളും ചിലർക്ക് വലുതും, ചിലർക്കു നിസ്സാരവുമാണ്, അത് പോലെ പല നന്മകളും ചിലർക്ക് വലിയ നന്മയാണെ ങ്കിൽ മറ്റുള്ളവർക്ക് ചെറുതുമാണ്. ആകയാൽ നാം നമ്മുടെ കർമ്മങ്ങളെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഏറ്റവും പ്രഥമമായി കൊണ്ട് ഈ ചിന്തകളെ നമ്മുടെ മനസ്സിൽ നിന്നും മാറ്റേണ്ടതാണ്.

ഉദാഹരണത്തിന് വ്യഭിചാരം ഒരു വലിയ തിന്മയാണ്, കൊല ഒരു വലിയ തിന്മയാണ്, മോഷണം ഒരു വലിയ തിന്മയാണ്, പരദൂഷണം ഒരു വലിയ തിന്മയാണ്. ഇതല്ലാതെ ബാക്കി വരുന്ന എല്ലാ തിന്മകളും തന്നെ ചെറിയ തിന്മകളാണ് ഈ രീതിയിലുള്ള ചിന്തകളെ നമ്മുടെ ഹൃദയത്തിൽ നിന്നും അകറ്റേണ്ടത് അത്യന്ത്യാപേക്ഷിതമാണ്.

അത് പോലെ നോമ്പ് വലിയ നന്മയാണ്, സക്കാത്ത് കൊടുക്കുന്നത് വലിയ നന്മയാണ്, ഹജ്ജ് ചെയ്യുന്നത് വലിയ നന്മയാണ്. ഇതല്ലാതെ മറ്റ് നന്മകൾ എല്ലാം തന്നെ ചെറിയ നന്മകൾ ആണ് എന്ന ചിന്തയേയും ഹൃദയത്തിൽ നിന്നും അകറ്റുക. പൊതുവായി മുസ്ലിംകളിൽ ഇങ്ങനെയൊരു ചിന്താഗതിയുണ്ട് ഈ ചിന്ത തങ്ങളുടെ ഹൃദയത്തിൽ നിന്ന് മാറ്റുന്നില്ലായെങ്കിൽ അവരുടെ കർമ്മ മണ്ഡലം ദുർബല പ്പെടുന്നതാണ്. കർമ്മ മണ്ഡലം ശക്തിപ്പെടണമെങ്കിൽ നാം ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഈ നിർദ്ദേശങ്ങളെ മുന്നിൽ വയ്ക്കേണ്ടതാണ്. അതായത് ''വിശുദ്ധ ഖുർആന്റെ എഴുനൂറ് കലപനകളിൽ ഒന്നിനെ പോലും നിസ്സാരമായി കാണുന്നവൻ മോക്ഷത്തിന്റെ വാതിൽ തന്റെ കൈകൾ കൊണ്ട് അടയ്ക്കുകയാണ് ചെയ്യുന്നത്.''

ആകയാൽ നാം മറ്റുള്ളവരെപ്പോലെ ചില നന്മകൾ വലുതാണ്, ചില നന്മകൾ ചെറുതാണ് എന്ന് ചിന്തിക്കാൻ പാടില്ലാത്തതാണ്. ഈ വിഷയത്തിൽ മറ്റ് മുസ്ലിംകളുടെ അവസ്ഥ വളരെ മോശമാണ്. ഉദാഹർണത്തിന് അവർ കരുതുന്നു വ്രതാനുഷ്ഠാനം ഏറ്റവും വലിയ നന്മയാണ് ജമാഅത്തായ നമസ്കാരത്തിന് യാതൊരു ശ്രേഷ്ഠതയുമില്ല. എന്നാൽ വ്രതാനുഷ്ഠാനം വളരെ അനിവാര്യമാണ്. വളരെ കൃത്യനിഷ്ഠതയോട് കൂടി അവർ അത് അനുഷ്ഠിക്കുന്നു. സക്കാത്ത് നിർബന്ധമാക്കപ്പെട്ടവർ സക്കാത്ത് നൽകാതിരി ക്കാൻ ശ്രമിക്കുന്നു എങ്കിൽ തന്നെയും അവർ നിർബന്ധ മായും നോമ്പ് നോൽക്കുന്നതാണ്. കാരണം നോമ്പനുഷ്ഠി ക്കാതിരിക്കുന്നതിനെ അവർ വലിയ പാപമായി കണക്കാ ക്കുന്നു. ഒരുകാലത്ത് സക്കാത്ത് നൽകാതിരിക്കാൻ പാകി സ്ഥാനിലെ അവസ്ഥ ഇപ്രകാരമായിരുന്നു (ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയില്ല.)അതായത് 1974ൽ രാഷ്ട്രീയ ലാഭത്തിന് വേണ്ടി അഹ്മദികളെ അമുസ്ലിംക ളായി പ്രഖ്യാപിച്ച സന്ദർഭത്തിൽ, ബാങ്കിൽ അകൗണ്ട് ഉള്ള ചില അനഹ്മദികൾ വർഷാവസാനത്തിൽ ഭരണകൂടം

നിർബന്ധപൂർവ്വം അകൗണ്ടിൽ നിന്നും സക്കാത്ത് പിടിച്ചെടുക്കും എന്ന കാരണത്താലും, അഹ്മദികൾ അമുസ്ലീംകൾ ആയത് കൊണ്ട് അവർക്ക് സക്കാത്ത് നിർബന്ധമല്ല എന്ന കാരണത്താലും ബാങ്ക് ഫോറത്തിൽ തങ്ങളെ ഖാദിയാനി അഹ്മദികൾ എന്ന് എഴുതുമായിരുന്നു. ഇവരുടെ ഈമാനിക അവസ്ഥയാണിത്. പൊതുവിൽ അഹ്മദികൾ കാഫിരീങ്ങൾ ആണ് എന്നാൽ തങ്ങളുടെ സമ്പത്ത് സംരക്ഷിക്കുന്നതിന് വേണ്ടി സമയം വന്നപ്പോൾ സ്വയം തങ്ങളെ കാഫിരീങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോൾ എന്താണ് അവസ്ഥാ വിശേഷം എന്നറിയില്ല. എന്തായാലും ഒരു സമയത്ത് ഈ സ്ഥിതി വിശേഷമാണ് ഉണ്ടായിരുന്നത്. ഈ അവസ്ഥാ വിശേഷം സംജാതമാകാൻ കാരണം നന്മ തിന്മയുടെ നിലവാരത്തെ നിർണ്ണയിക്കുന്നതിന് വേണ്ടി അവർ അല്ലാഹുവിലേക്കോ അവന്റെ റസൂൽ ﷺ ലേക്കോ അല്ല നോക്കുന്നത്, മറിച്ച് നാമമാത്രമായ ഫഖീറുകളുടെയും മുഫ്തികളുടെയും ഉലമാക്കളുടെയും പിറകെയാണ് പോകുന്നത്

ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഒരു സംഭവം ഹ: മുസ്ലിഹ് മൗഊദ് رضي الله عنه വിവരിക്കുന്നു: "ഒരു റംസാൻ മാസത്തിൽ ഹ: മസീഹ് മൗഊദ് عليه السلام അമൃത്സറിലേക്കുള്ള യാത്രയിൽ ആയിരുന്നു. ആ സന്ദർഭത്തിൽ ഒരിടത്ത് അദ്ദേഹത്തിന് പ്രഭാഷണം നടത്തേണ്ടി വന്നു. പ്രഭാഷണ മദ്ധ്യേ അദ്ദേഹത്തിന്റെ തൊണ്ട വരണ്ടത് കണ്ട ഒരു സുഹൃത്ത് ചായയുടെ കോപ്പ അദ്ദേഹത്തിന് നൽകുകയുണ്ടായി. അദ്ദേഹം അത് മാറ്റിവച്ചു. അല്പനേരം കഴിഞ്ഞ് വീണ്ടും ഇതേ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. വീണ്ടും അയാൾ വേവലാതിപ്പെട്ട് ചായ നൽകി, അദ്ദേഹം വീണ്ടും മാറ്റിവെച്ചു. കൈകൊണ്ട് വേണ്ട എന്ന് ആംഗ്യം കാണിക്കുകയും ചെയ്തു. എന്നാൽ വീണ്ടും ബുദ്ധിമുട്ട് അനുഭവപ്പെട്ടു. തൊണ്ട വരളാൻ തുടങ്ങി, മൂന്നാമത്തെ പ്രാവശ്യം അയാൾ ചായനൽകിയപ്പോൾ ഹദ്റത് മസീഹ് മൗഊദ് عليه السلام താൻ ഇത് വാങ്ങിയിട്ടില്ലാ എങ്കിൽ താൻ കാപട്യം കാണിക്കുകയാണ് എന്നും, യാത്രയിൽ നോമ്പ് അനുഷ്ഠിക്കേണ്ടതില്ല എന്ന ഒഴിവിൽ നിന്നും താൻ പ്രയോജനം എടുത്തിട്ടില്ലാ എന്നത് കാണിക്കാൻ വേണ്ടിയാണ് ചായ വാങ്ങാതിരുന്നത് എന്ന് കരുതാതിരിക്കാൻ അദ്ദേഹം അതിൽ നിന്ന് ഒരു കവിൾ കുടിക്കുകയുണ്ടായി. ഇത് കണ്ട് അവിടെ കൂടിയിരുന്ന അനഹ്മദികൾ ഒച്ചപ്പാടുണ്ടാക്കാൻ തുടങ്ങി, നോക്കൂ മഹ്ദിയാണ് എന്ന് വാദം ഉന്നയിക്കുന്നു പക്ഷേ റംസാൻ മാസത്തിൽ നോമ്പ് എടുത്തിട്ടില്ല." അവരുടെ ദൃഷ്ടിയിൽ നോമ്പിന്റെ പ്രാധാന്യം എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ കല്പനക്ക് എതിരാണെങ്കിലും ശരി നോമ്പ് അനുഷ്ഠിക്കണം എന്നതാണ്. ഹ: മുസ്ലിഹ് മൗഊദ് رضي الله عنه അരുൾ ചെയ്യുന്നു: "ഒരു പക്ഷേ അവരിൽ 90% ആളുകളും നമസ്കാരം പോലും അനുഷ്ഠിക്കാത്തവരും അത് ഉപേക്ഷികുന്നവരും ആയിരിക്കും, 90% കള്ളം പറയുന്നവരും, ചതിയും വഞ്ചനയും ചെയ്യുന്നവരും, സമ്പത്ത് അപഹരിക്കുന്നവരും ആയിരിക്കും. എന്നാൽ അവരിൽ 99% ആളുകളും ആ സമയത്ത് നോമ്പ് എടുത്തിട്ടുണ്ടായിരിക്കുമെന്നതും സത്യമായിരിക്കും. എന്തുകൊണ്ടെന്നാൽ നോമ്പിനെ ഏറ്റവും വലിയ നന്മയായി അവർ കാണുന്നു. എന്നാൽ ഏത് രീതിയിലാണോ റസൂൽ ﷺ നോമ്പ് അനുഷ്ടിച്ചിരുന്നത് ആ രീതിയിൽ അവർ നോമ്പ് അനുഷ്ടിക്കാറില്ല.

അതായത്, കള്ളം പറയുന്നവരും പരദൂഷകനും, തെറി വിളിക്കുന്നവനും, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ നോമ്പ് യഥാർത്ഥ നോമ്പല്ല അവൻ വെറും പട്ടിണികിടന്ന് വെള്ളവും ആഹാരവും കഴിക്കാത്തവനാണ്. നമ്മൾ അവലോകനം ചെയ്ത് നോക്കുകയാണെങ്കിൽ ഈ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അവർ വെറും വെള്ളവും, ആഹാരവും ഉപേക്ഷിക്കുന്നവരാണ്. എന്നാൽ ഈ രീതിയിൽ പട്ടിണി കിടക്കുന്നതും അവരുടെ കാഴ്ച്ചപ്പാടിൽ വളരെ വലിയ നന്മയാണ്, അവർക്ക് കടമ്പ കടന്ന് കിട്ടാൻ ഇത് മതിയായതാണ്, അല്ലെങ്കിൽ അവരുടെ ദൃഷ്ടിയിൽ വലുതായിത്തോന്നുന്ന മറ്റു ചില നന്മകളെ കൂടി അതിൽ പങ്ക് ചേർക്കുന്നതാണ്. ഇതിൽ നിന്ന് തന്നെ അവരുടെ പൊറുക്കലിനുള്ള സാധന സാമഗ്രികൾ ആയി എന്ന് അവർ കരുതുന്നു. ഇത്തരക്കാർ ഭൂമിയിൽ നന്മകൾ നിലനാട്ടുന്നവരായി മാറുകയില്ല. തിന്മകളുടെ നിലവാരം മനസ്സിലാക്കാനും അവർക്ക് കഴിയുകയില്ല. അവർ സ്വയം കൽപിതമായ വലിയ നന്മകളുടേയും ചെറിയ നന്മകളുടെയും, വലിയ തിന്മകളുടെയും ചെറിയ തിന്മകളുടെയും നിലവാരം കണ്ടെത്തിയിരിക്കുന്നു. തൽഫലമായിക്കൊണ്ട്, തങ്ങളുടെ നന്മകളുടെ നിർവചനമായിക്കൊണ്ട് വലിയ നന്മകൾ സ്വായത്തമാക്കുന്നതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ഏത് തിന്മയെ ആണോ ചെറുതായി കണക്കാക്കുന്നത് അതിനെതിരെ പോരാടാൻ തയ്യാറാകുന്നുമില്ല. അതിനെ ഉപേക്ഷിക്കാതിരിക്കുന്നതിന്റെ അർത്ഥം അതിനെതിരെ പോരാടാൻ അവർക്ക് കഴിവില്ല എന്നതാണ്. അങ്ങനെ ഒരു തെറ്റിൽ നിന്ന് മറ്റൊരു തെറ്റിലേക്ക് പോയിക്കൊണ്ടേയിരിക്കുന്നു. എന്നാൽ ഇസ്ലാം അനുഷ്ടിക്കാൻ ബുദ്ധിമുട്ടുള്ള കർമ്മങ്ങളെയാണ് വലിയ നന്മയാക്കിയിരിക്കുന്നത്. അതാകട്ടെ ഓരോരുത്തർക്കും വിത്യസ്തവുമാണ്. അത്പോലെ തന്നെ രക്ഷപ്പെടാൻ ബുദ്ധിമുട്ടുള്ള തിന്മകളെ വലിയ തിന്മകൾ ആക്കിയിരിക്കുന്നു. അഥവാ നാം നമ്മളിൽ പരിവർത്തനം സംജാതമാക്കണമെങ്കിൽ എപ്പോഴും ഈ കാര്യത്തെ നമ്മുടെ മുമ്പിൽ വയ്ക്കേണ്ടത് അനിവാര്യമാണ്. എല്ലാ നന്മകളേയും സ്വായത്തമാക്കുന്നതിനും, എല്ലാ തിന്മകളിൽ നിന്നും വിട്ടു നിൽക്കുന്നതിനും പരിശ്രമിക്കേണ്ടതാണ്. നമ്മുടെ സ്വയം കൃതമായ രീതികൾ നമ്മെ നന്മകളിൽ മുന്നേറുന്നവരും തിന്മകളിൽ നിന്ന് അകന്നു നിൽക്കുന്നവരും ആക്കുകയില്ല. ചില സന്ദർഭങ്ങളിൽ മനുഷ്യൻ സ്വയംഘടിതമായ രീതികൾ അവലംബിച്ചുകൊണ്ട് ചില തിന്മകൾ ഉപേക്ഷിക്കുകയും, ചിലത് ഉപേക്ഷിക്കാതിരിക്കുകയും, ചില നന്മകൾ സ്വായത്തമാക്കുകയും ചിലത് വിട്ട് കളയുകയും ചെയ്യുന്നത് പലപ്പോഴും അവന് തന്നെ നഷ്ടങ്ങൾ വരുത്തിവയ്ക്കുന്നതിന് കാരണമയിത്തീരുന്നതാണ്. ചെറുതായി കാണപ്പെടുന്ന നന്മകൾ അശ്രദ്ധ കാരണത്താൽ നന്മയിൽ നിന്ന് തന്നെ അകറ്റിക്കളയുന്നതാണ്. പലപ്പോഴും നിസ്സാരമായി കാണപ്പെടുന്ന തിന്മകൾ ആത്മീയതയ്ക്ക് കണക്കില്ലാത്ത നഷ്ടങ്ങൾ വരുത്തിവയ്ക്കുന്നതിന് കാരണമായി ഭവിക്കുന്നതുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തേയും പരിശുദ്ധതയേയും മനുഷ്യൻ നഷ്ടപ്പെടുത്തിക്കളയുന്നവനാകുന്നതാണ്. അത്പോലെ ചില തിന്മൾ നിസ്സാരമായി കാണുന്നതിന്റെ ഫലമായിക്കൊണ്ട് തിന്മയുടെ വിത്ത് ഉള്ളിൽ അവശേഷിക്കുകയും സന്ദർഭം പാർത്തിരുന്ന് അത് പുറത്ത് വരികയും ചെയ്യുന്നതാണ്. ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

തിന്മ, ഒന്നിനെയാണെങ്കിലും അല്ലെങ്കിൽ മുഴുവൻ തിന്മകളെയും നശിപ്പിക്കുക എന്നത് സാധ്യമാകണമെങ്കിൽ, എല്ലാവരും ഒത്തൊരുമിച്ച് കൊണ്ട് അതിന്വേണ്ടി പൂർണ്ണമായി പരിശ്രമിക്കേണ്ടതാണ്. ഒരു സമൂഹം ഉണ്ട്, ജമാഅത്തുണ്ട്, ജമാഅത്തിന്റെ ഓരോ വ്യക്തിയും തന്നെ ഈ പരിശ്രമത്തിൽ ഭാഗദേയകനാകേണ്ടതാണ്. അഥവാ ഓരോരുത്തരും തന്നെ തങ്ങളുടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ നന്മകളും തിന്മകളും ചെയ്യുകയാണെങ്കിൽ, ഒരു വ്യക്തി ഏതെങ്കിലും ഒരു കാര്യത്തെ തിന്മയായി മനസ്സിലാക്കുകയും, അല്ലെങ്കിൽ ഒരാൾ അതിനെ ചെറിയ തിന്മയായി കാണുമ്പോൾ മറ്റൊരാൾ അതിനെ വലിയ തിൻമയായി കാണുന്നതാണ്. ഒരു പക്ഷേ മൂന്നാമത് ഒരാൾ അത് തിന്മയായി കാണുന്നുണ്ടാകില്ല. അപ്പോൾ ഈ രീതിയിൽ തിന്മകൾ ഒരിക്കലും അവസാനിക്കുകയില്ല. തിന്മകൾ അവസാനിക്കണമെങ്കിൽ എല്ലാവരുടേയും ചിന്തയുടെ ഒഴുക്ക് ഒരേ ദിശയിലേക്ക് ആയിരിക്കേണ്ടതാണ്. ഉദാഹരണത്തിന്, ഭൂരിഭാഗം മുസ്‌ലീംകൾ എല്ലാ തിന്മകളേക്കാളും, ശിർക്കിനേക്കാളും മോശമായി കാണുന്നത് പന്നിമാംസം ഭക്ഷിക്കുന്നതിനെയാണ്. എല്ലാ തെമ്മാടികളും, കള്ളനും, വ്യഭിചാരിയും, കൊള്ളക്കാരനും ഈ പ്രവർത്തനങ്ങൾ എല്ലാം ചെയ്തതിന് ശേഷവും തങ്ങൾ മുസ്‌ലീംകൾ ആണെന്ന് പറയുന്നു. എന്നാൽ അവരോട് പന്നി മാംസം കഴിക്കാൻ പറഞ്ഞാൽ അവൻ പറയും ഞാൻ മുസ്‌ലിമാണെന്ന്. ഇതെങ്ങനെയാണ് സാധ്യമാകുന്നത്? ഞാൻ പന്നിയിറച്ചി എങ്ങനെ കഴിക്കാനാണ്? ഇതിന്റെ കാരണമിതാണ്. മുസ്‌ലീംകളിൽ മൊത്തത്തിൽ പന്നി മാംസം കഴിക്കുന്നത് വിരോധിച്ചിരിക്കുന്നു എന്ന ചിന്തയുണ്ട്. ഹറാം ആണ് എന്ന ചിന്തയുണ്ട്. ഈ സമൂഹത്തിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്തിട്ട് പോലും ഇവിടെയുള്ള മുസ്‌ലീംകളിൽ 99.9% മുസ്‌ലീകളും പന്നിമാംസത്തെ വെറുക്കുന്നു. ഇത് മൊത്തത്തിൽ മുസ്‌ലീംകളിൽ ഉള്ള ചിന്താഗതിയുടെ ഫലമായിട്ടാണ് ഉണ്ടാകുന്നത്. അപ്പോൾ തിന്മകളെ തടയുന്നതിനും, നന്മകൾ നിലനാട്ടുന്നതിനും സമൂഹത്തിലെ ഓരോ വ്യക്തിയേയും ഉണർത്തേണ്ടത് ആവശ്യമാണ്. നിസ്സാര നന്മപോലും വലിയ നന്മയാണ്, നിസ്സാര തിന്മ പോലും വലിയ തിന്മയാണ്. ഏതു വരെ നമ്മിൽ ഓരോരുത്തരും തന്നെ ഈ വിചാരം ഉണ്ടാക്കിയെടുക്കുന്നില്ലയോ, ഏത് വരെ ഇതിന് വേണ്ടി പരിശ്രമിക്കുന്നില്ലയോ അത്വരെ തിന്മകൾ നിലനിൽക്കുന്നതാണ്. കർമ്മപരമായ പരിവർത്തനത്തിന് ഇത് തടസ്സം നിൽക്കുന്നതുമാണ്.

അത്പോലെ കർമ്മ സംസ്കരണത്തിനുള്ള രണ്ടാമത്തെ കാരണം സാമൂഹിക ചുറ്റുപാടാണ്. അല്ലെങ്കിൽ മറ്റുള്ളവരെ പിൻതുടരാനുള്ള അഭിനിവേശമാണ്, അല്ലാഹു മനുഷ്യന്റെ പ്രകൃതത്തിൽ തന്നെ അനുകരണശീലം ഇട്ടിരിക്കുന്നു. കുട്ടികാലം മുതൽക്ക് തന്നെ അത് വെളിപ്പെടാൻ തുടങ്ങുന്നു. ഇത് പ്രകൃതത്തിൽ അടങ്ങിയിരിക്കുന്ന കാരണത്താൽ ചെറിയ കുട്ടികളിൽ പോലും അനുകരണശീലത്തിന്റെ ലാഞ്ഛനയുണ്ട്. ഇത് നമ്മുടെ പ്രയോജനത്തിന് വേണ്ടിത്തന്നെയാണ് എന്നാൽ ഇതിന്റെ തെറ്റായ ഉപയോഗം മനുഷ്യനെ നാശത്തിലേക്ക് നയിക്കുന്നു. ചിലപ്പോൾ നശിപ്പിക്കുകയും ചെയ്യുന്നു. അനുകരണത്തിന്റെയും ചുറ്റുപാടിന്റെ സ്വാധീനത്തിന്റെയും ഫലമായിക്കൊണ്ട് കുട്ടികൾ മാതാപിതാക്കളിൽ നിന്ന് ഭാഷകളും മറ്റ് കാര്യങ്ങളും പഠിക്കുന്നു. നല്ല കാര്യങ്ങൾ പഠിക്കുകയും അത് മുഖേന കുട്ടി ഉന്നത സ്വഭാവ ഗുണങ്ങൾക്ക് ഉടമയായിത്തീരുകയും ചെയ്യുന്നു. മാതാപിതാക്കൾ നന്മയുള്ളവരാണ് എങ്കിൽ, നമസ്കാരം നിലനിർത്തുന്നവരും, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരും, പരസ്പരം സ്നേഹത്തോടെ ജീവിക്കുന്നവരും, നുണയെ വെറുക്കുന്നവരും ആണെങ്കിൽ കുട്ടികളും അവരുടെ ശിക്ഷണഫലമായി നന്മകൾ സ്വായത്തമാക്കുന്നവരായി മാറുന്നതാണ്. എന്നാൽ അഥവാ കള്ളം, വഴക്ക്, വീട്ടിൽ മറ്റൊരാളെ പരിഹസിച്ചുകൊണ്ടുള്ള സംസാരം, ജമാഅത്തിന്റെ അന്തസ്സിനെ കുറിച്ച് ചിന്തിക്കാതിരിക്കൽ, ഈ രീതിയിലുള്ള മറ്റ് തിന്മകൾ, ഇതെല്ലാം കുട്ടി കാണുമ്പോൾ, ഈ അനുകരണപ്രകൃതത്തിന്റെ കാരണമായിക്കൊണ്ട് അല്ലെങ്കിൽ ചുറ്റുപാടുകളുടെ സ്വാധീന ഫലമായികൊണ്ട് ഇതേ തെറ്റുകൾ കുട്ടികൾ പഠിക്കുകയും ചെയ്യുന്നു. പുറത്ത് പോകുമ്പോൾ, ചുറ്റുപാടുകളിലും, സുഹൃത്തുക്കളിലും കാണുന്നത് പഠിക്കാൻ ശ്രമിക്കുന്നു. ആയതിനാൽ ഞാൻ വീണ്ടും വീണ്ടും മാതാപിതാക്കളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നിങ്ങളുടെ കുട്ടികളിലും പുറം ലോകത്തെ ചുറ്റുപാടുകളിലും നിരീക്ഷിക്കുക. വീട്ടിലും കുട്ടികളുടെ പ്രോഗ്രാമുകളിൽ, ടി.വി., ഇന്റർനെറ്റ് ഉപയോഗത്തിൽ എല്ലാം തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുക. അത്പോലെ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ട മറ്റൊരു കാര്യം കുട്ടികളുടെ തർബിയ്യത്തിന്റെ പ്രായം വളരെ ചെറുപ്പം മുതൽക്കെ തന്നെയാണ് എന്നതാണ്. ഇത് എപ്പോഴും ഓർമ്മ വയ്ക്കുക, കുട്ടി വലുതായ ശേഷം തർബിയ്യത്ത് നൽകാം എന്ന ചിന്ത ഒരിക്കലും ഉണ്ടായിരിക്കാൻ പാടില്ല. 2 വയസ്സും 3 വയസ്സുമെല്ലാം തന്നെ തർബിയ്യത്തിന്റെ പ്രായമാണ്. ഞാൻ പറഞ്ഞത് പോലെ കുട്ടി വീട്ടിൽ മാതാപിതാക്കളിൽ നിന്നും വലിയവരിൽ നിന്നും പഠിക്കുകയും അവരെ അനുകരിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾക്ക് ഒരിക്കലും തന്നെ കുട്ടി ചെറുതാണ് അവന് എന്ത് അറിയാം എന്ന ചിന്തയുണ്ടാകാൻ പാടില്ലാത്തതാണ്. എന്നാൽ കുട്ടി മാതാപിതാക്കളുടെ ഓരോ പ്രവർത്തനത്തേയും നിരീക്ഷിച്ച് കൊണ്ടാണ് ഇരിക്കുന്നത്. അവരറിയാതെ തന്നെ അവരുടെ മനസ്സിൽ ഈ കാര്യങ്ങൾ ഉറക്കുന്നതാണ്. വലുതായ ശേഷം കുട്ടികൾ അവരെ അനുകരിക്കാൻ തുടങ്ങുന്നതാണ്. പെൺകുട്ടികൾ മാതാക്കളെ അനുകരിച്ച്കൊണ്ട്, കളിക്കുമ്പോൾ ഉമ്മമാരെപോലെതന്നെ വസ്ത്രങ്ങൾ അണിയാൻ ശ്രമിക്കുന്നു. ആൺകുട്ടികൾ പിതാക്കന്മാരെ അനുകരിക്കുന്നു. മാതാപിതാക്കളിൽ ഉള്ള നന്മയും തിന്മയും അവർ അനുകരിക്കുന്നു. അവർ വലുതായിക്കഴിഞ്ഞ് ഇത് നല്ലതാണ് ഇത് ചീത്തയാണ് എന്ന് അവരെ പഠിപ്പിക്കുമ്പോൾ, ഉദാഹരണത്തിന് നുണ പറയുന്നത് തെറ്റാണ്, വാഗ്ദാനം പാലിക്കുന്നത് നല്ലതാണ് എന്നെല്ലാം. എന്നാൽ ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ സ്വഭാവഗുണങ്ങളുടെ ഉന്നത നിലവാരം കണ്ടിട്ടില്ലായെങ്കിൽ, മാതാപിതാക്കളിൽ നിന്നും വീട്ടിലെ മറ്റ് വലിയവരിൽ നിന്നും വാഗ്ദാനം പൂർത്തിയാക്കുന്നത് കണ്ടിട്ടില്ലാ എങ്കിൽ, നുണ പറയുന്നത് ചീത്തയാണ് വാഗ്ദാനം പാലിക്കുന്നത് നന്മയാണ് എന്നെല്ലാം ഒരു പാഠം എന്ന നിലയിൽ പഠിക്കും എന്നല്ലാതെ പ്രവർത്തിപഥത്തിൽ അവർ അങ്ങനെ ചെയ്യുകയില്ല. എന്തെന്നാൽ തങ്ങളുടെ വീട്ടിൽ ഇതിന് വിപരീതമായ പ്രവർത്തികളാണ്

അവർ കണ്ട് കൊണ്ടിരുന്നത്. കുട്ടികളുടെ സ്വഭാവം ചെറുപ്പത്തിൽ തന്നെ ഉറച്ച ശീലങ്ങളായി മാറുന്നതാണ്. ആയതിനാൽ വലുതായ ശേഷം അവർ ഇതിനെ അംഗീകരിക്കുകയില്ല. അഥവാ ഉമ്മ നമസ്കാരത്തിൽ അലസത കാണിക്കുന്നതായി കുട്ടി കാണുകയാണെങ്കിൽ, പിതാവ് വീട്ടിൽ വന്ന് നമസ്കരിച്ചോ എന്ന് ചോദിച്ചാൽ, ഇപ്പോൾ നമസ്കരിച്ചിട്ടില്ല ഉടൻ നമസ്കരിക്കുന്നതാണ് എന്ന് ഉമ്മ മറുപടി പറയുമ്പോൾ, കുട്ടി മനസ്സിലാക്കും ഇത് വളരെ നല്ല ഉത്തരമാണ്. ആരെങ്കിലും എന്നൊട് ചോദിക്കുകയാണെങ്കിൽ ഞാനും ഇതേ മറുപടി തന്നെ പറയുന്നതാണ്. അഥവാ ഉമ്മ മറന്നു പോയെന്നോ, അല്ലെങ്കിൽ നമസ്കരിക്കാതെ തന്നെ നമസ്കരിച്ചു എന്ന് മറുപടി പറയുകയാണെങ്കിൽ, കുട്ടി ഇത് കേൾക്കുമ്പോൾ, മുഴുവൻ സമയവും വീട്ടിൽ ഉമ്മയുടെ കൂടെ കഴിച്ചു കൂട്ടുകയും, ഉമ്മ നമസ്കരിച്ചിട്ടില്ലാ എന്ന് കാണുകയും ചെയ്യുന്ന കുട്ടി ഈ ഉത്തരം തന്റെ മനസ്സിൽ തന്നെ വയ്ക്കുന്നതാണ്. അത്പോലെ പിതാവിന്റെ തെറ്റായ സംസാരങ്ങളും തന്റെ മനസ്സിൽ പതിപ്പിക്കുന്നു. അപ്പോൾ മാതാപിതാക്കൾ രണ്ട് പേരും കുട്ടിക്ക് തെറ്റായ തർബിയ്യത്താണ് നൽകുന്നത്. അങ്ങനെ കുട്ടിയെ തെറ്റായ മാർഗ്ഗത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. തങ്ങളുടെ പ്രവർത്തനം കൊണ്ട് അവർ തെറ്റായ ശിക്ഷണമാണ് കുട്ടികൾക്ക് നൽകുന്നത്. ആ കുട്ടി വലുതാകുമ്പോൾ ഇതേ മറുപടി തന്നെയാണ് പറയുന്നത്.

അത്പോലെ അയൽക്കാരുടെയും മാതാപിതാക്കളുടെ സുഹൃത്തുക്കളുടെയും തെറ്റായ പ്രവർത്തനങ്ങളുടെ സ്വാധീനവും കുട്ടികളിൽ ഉണ്ടാകുന്നു. അഥവാ യഥാർത്ഥ കർമ്മ പരിഷ്ക്കരണം സംജാതമാക്കണമെങ്കിൽ തങ്ങളുടെ സന്താനങ്ങളുടെ ഭാവിയിലെ പ്രവർത്തനങ്ങൾ ചൊവ്വുള്ളതാകണമെങ്കിൽ മാതാപിതാക്കൾക്ക് തങ്ങളുടെ അവസ്ഥയിലേക്കും ദൃഷ്ടി പതിപ്പിക്കേണ്ടതുണ്ട്. തങ്ങളുടെ സുഹൃദ് ബന്ധങ്ങളും പ്രവർത്തനപരമായി ചൊവ്വുള്ളവരുമായി സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്.

എന്തായാലും ചെറുപ്പകാലത്ത് അനുകരണ ശീലവുമുണ്ടാകുന്നു. ചുറ്റുപാടുകളുടെ സ്വാധീനവും മനസ്സിൽ കുടിയിരിക്കുന്നതാണ്. കുട്ടികളെ നല്ല അന്തരീക്ഷത്തിൽ വളർത്തുകയാണെങ്കിൽ അവർ നന്മകൾ തുടർന്ന് കൊണ്ട് പോകുന്നതാണ്. ചീത്ത അന്തരീക്ഷത്തിലാണ് വളർത്തുന്നത് എങ്കിൽ അവർ ദുഷ്പ്രവർത്തികൾ തുടർന്ന് കൊണ്ട് പോകുന്നതാണ്. ദുഷ്പ്രവർത്തികൾ ചെയ്യുന്നവരെ വലുതായ ശേഷം ഇത് ചെയ്യരുത് ഇത് ചീത്ത പ്രവൃത്തിയാണെന്ന് പറഞ്ഞാൽ ആ സമയത്ത് അതവരുടെ കൈവിട്ട് പോയിട്ടുണ്ടാകും. പിന്നീട് മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികൾ വഴിതെറ്റിപ്പോയി എന്ന പരാതി ഉണ്ടാകാൻ പാടില്ലാത്തതാണ്. മാതാപിതാക്കളുടെ വളരെ വലിയ ഉത്തരവാദിത്വം തങ്ങളുടെ കർമ്മങ്ങളിലൂടെ കുട്ടികളേയും നമസ്കാരം നിലനിർത്തുന്നവരാക്കിമാറ്റുക, തങ്ങളുടെ കർമ്മങ്ങളിലൂടെ കുട്ടികളേയും സത്യത്തിൽ നിലയുറപ്പിക്കുന്നവരാക്കി മാറ്റുക. തങ്ങളുടെ കർമ്മങ്ങളിലൂടെ മറ്റ് ഉന്നതമായ സ്വഭാവ സവിശേഷതകൾ അവർക്ക് മുമ്പിൽ സമർപ്പിക്കുക. അങ്ങനെ അവരും ആ സ്വഭാവഗുണങ്ങളെ സ്വാംശീകരിക്കുന്നവരായിത്തീരുന്നതാണ്. കള്ള സത്യങ്ങൾ ചെയ്യുന്നതിൽ നിന്ന് നിങ്ങളെ സ്വയം രക്ഷിക്കുകയും അതിലൂടെ നിങ്ങളുടെ കുട്ടികളെയും രക്ഷിക്കാൻ സാധിക്കുന്നതാണ്. പ്രവർത്തനപരമായി ചെറുപ്പത്തിൽ ഉണ്ടാക്കിയെടുത്ത ചിന്തകൾ എത്രത്തോളം സ്വാധീനം ഉണ്ടാക്കുന്നു എന്നതിന് മുസ്‌ലിഹ് മൗഊദ് (റ) മസീഹ് മൗഊദ് (അ)ന്റെ ഒരു സഹാബിയുടെ ഉദാഹരണം നൽകിയിരിക്കുന്നു. അദ്ദേഹം സിഖ്കാരിലെ ഉന്നത കുടുംബത്തിലെ അംഗമായിരുന്നു. പിന്നീട് അഹ്മദിയാകുകയുണ്ടായി. ഇദ്ദേഹം പശു മാംസം കഴിക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പശുമാംസം നിർബന്ധമായും കഴിക്കണം എന്ന് പറഞ്ഞ് ശല്യപ്പെടുത്തി. ഹ:മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:''ഞാൻ ഒരിക്കൽ കാണുകയുണ്ടായി. അതിഥി മന്ദിരത്തിൽ അദ്ദേഹം മുന്നിലും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പിന്നാലെയും പോകുന്നു. ഇന്ന് താങ്കൾക്ക് ഒരു കഷ്ണം ഇറച്ചി ഞങ്ങൾ തീർച്ചയായും കഴിപ്പിക്കും എന്ന് അവർ പറയുന്നു, അദ്ദേഹം കൈ കൂപ്പുകയാണ്. അല്ലാഹുവാണെ സത്യം എന്നോട് ഇത് പറയരുത്.'' പറയുന്നു: ''ഒരിക്കൽ ഇദ്ദേഹത്തിനോ പുതിയതായി മുസ്‌ലിം ആയ വ്യക്തിക്കോ അവർ ഇറച്ചി കഴിപ്പിച്ചു. ആ വ്യക്തിക്ക് വെറുപ്പ് കാരണം ശർദ്ധിൽ വന്നു. ഇത് ചെറുപ്പം മുതൽ തന്നെ മാട്ടിറച്ചിയോട് വെറുപ്പ് ഉണ്ടാക്കിയെടുത്തതിന്റെ ഫലമാണ്. വലുതായി മുസ്‌ലിം ആയിട്ടു പോലും ആ അറപ്പ് നിലനിൽക്കുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തന്റെ ആദർശങ്ങൾ അദ്ദേഹം മാറ്റിയെടുത്തു. പുതിയ വിശ്വാസം സ്വീകരിച്ചു. എന്നാൽ പ്രവർത്തന മാതൃക കൊണ്ട് മാതാപിതാക്കൾ അദ്ദേഹത്തിന് മാട്ടിറച്ചിയോട് വെറുപ്പ് ഉണ്ടാക്കിയെടുത്ത കാരണത്താൽ ആ വെറുപ്പ് ഇപ്പോഴും അകന്നിട്ടില്ല.''

ഹ: മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ''കർമ്മം എന്നത് പ്രത്യക്ഷത്തിൽ കാണപ്പെടുന്നതാണ്. ആയതിനാൽ അളുകൾ അതിനെ അനുകരിക്കുന്നു. ഈ വിത്ത് പിന്നീട് വളർന്ന് കൊണ്ടിരിക്കുന്നു. എന്നാൽ വിശ്വാസം എന്നത് പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്തതാണ്. ആയതിനാൽ അത് അതിന്റെ അതിർ വരമ്പിനുള്ളിൽ തന്നെ നിൽക്കുന്നു. ഇതിന്റെ ഉദാഹരണം ഇപ്രകാരമാണ്. വിശ്വാസം ബഡ്ഡ് ചെയ്ത വൃക്ഷത്തെ പോലെയാണ്, ഒരു പ്രത്യേക രീതിയിൽ അത് കൂട്ടിയിണക്കിയാൽ മാത്രമേ അതിൽ നിന്ന് ശാഖകൾ ഉണ്ടാവുകയുള്ളു. എന്നാൽ കർമ്മങ്ങളുടെ ഉദാഹരണം വിത്തിൽ നിന്നും മുളയ്ക്കുന്ന വൃക്ഷത്തെപ്പോലെയാണ്. അത് സ്വയം തന്നെ ഭൂമിയിൽ വേര് ഉറപ്പിച്ചുകൊണ്ട്, അനുയോജ്യമായ കാലാവസ്ഥയാണെങ്കിൽ വളർന്ന് വരുന്നതാണ്. ആകയാൽ ദുഷ്ക്കർമ്മങ്ങൾ വ്യാപിക്കുന്നത് വളരെ എളുപ്പമാണ്. ഇത് സമൂഹത്തിൽ തന്താങ്ങളുടെ ദുഷ്ക്കർമ്മങ്ങൾ മുഖേനയും ചിലപ്പോൾ അന്യരുടെ ദുഷ്ക്കർമ്മങ്ങൾ കാരണത്താലും വ്യാപിക്കുന്നു. അതായത് നന്മതിന്മകളുടെ വ്യാപനത്തിൽ ചുറ്റുപാടിന്റെ വളരെയധികം സ്വാധീനമുണ്ട് ആകയാൽ എല്ലായ്പ്പോഴും തന്നെ ഈ കാര്യങ്ങളെ നമ്മുടെ മുന്നിൽ വയ്ക്കേണ്ടതാണ്. മറ്റ് ചില പ്രേരകഘടകങ്ങളുമുണ്ട് إن شاء الله വരും ദിവസങ്ങളിൽ ഞാനതിനെ കുറിച്ച് പരാമർശിക്കുന്നതാണ്. അല്ലാഹു നമുക്ക്, നമ്മുടെ പരിഷ്കരണത്തിലേക്കും, നമ്മുടെ സന്താനങ്ങളുടെ കർമ്മപരമായ സംസ്കരണത്തിലേക്കും, ശ്രദ്ധിക്കുന്നതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

ഇന്ന് ഒരു ദുഃഖ വാർത്തയുണ്ട്. നമസ്കാരത്തിന് ശേഷം ഞാൻ ഒരു ജനാസയും നമസ്കരിക്കുന്നതാണ്. അത് ബഹുമാനപ്പെട്ട ഖാലിദ് അഹ്മദ് അൻബറാഖി സാഹിബ് മർഹൂം സിറിയായുടെതാണ്. ഖാലിദ് ബറാഖി സാഹിബ് എഞ്ചിനീയർ ആയിരുന്നു. 37 വയസ്സ് പ്രായമായിരുന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് 1986 ൽ ദമിശ്ഖിന്റെ നവായി പ്രദേശത്തുള്ള ഒരു ഗ്രാമം ഹവാശറബിൽ ആദ്യം ബൈഅത്ത് ചെയ്യുന്നതിനുള്ള ഭാഗ്യം ലഭിച്ചു. ബൈഅത്തിന് ശേഷം അദ്ദേഹത്തിന്റെ പിതാവിന് എതിർപ്പിനും ഭീഷണിക്കുമൊപ്പം 1889 ൽ ആറ് മാസം ജയിലിലും കിടക്കേണ്ടിവന്നു. അത് പോലെ സമീപകാലത്ത് സിറിയയിൽ നടന്ന ഫസാദുകളിൽ 2012 ലും 2013 ലും ഇദ്ദേഹത്തിന്റെ പിതാവിനെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഖാലിദ് ബറാഖി സാഹിബിന്റെ എല്ലാ സഹോദരീ സഹോദരന്മാരും ബാല്യകാലം മുതൽക്കെ തന്നെ അഹ്മദികളാണ്. ഇദ്ദേഹത്തിനെ 2013 സപ്തംബർ 18 ന് വൈകുന്നേരം അവിടുത്തെ ഇന്റലിജൻസ് ഏജൻസിയുടെ ഏതോ ഒരു ബ്രാഞ്ച്, അറസ്റ്റ് ചെയ്തു. അതിന് ശേഷം ഇദ്ദേഹത്തിനെകുറിച്ച് യാതൊരു വിധ അറിവും ആർക്കും ലഭിച്ചിട്ടില്ലായിരുന്നു. ഏതുവരെയെന്നാൽ ഡിസംബർ 9 ന് ഇദ്ദേഹത്തിന്റെ പിതാവിനെ മിലിട്ട്രി ഇന്റലിജൻസ് ഏജൻസിയുടെ ഒരു ബ്രാഞ്ച് വിളിപ്പിക്കുകയുണ്ടായി. അവിടെ ഇദ്ദേഹത്തിന്റെ മകന്റെ പേപ്പറുകൾ കൈകളിൽ പിടിപ്പിച്ച് കൊടുത്തിട്ട് പറഞ്ഞു, ഒക്ടോബർ 28 ന് ഇദ്ദേഹം വഫാത്തായി എന്ന്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

ഇദ്ദേഹത്തിന്റെ മൃതശരീരവും പിതാവിന് നൽകിയില്ല. അവിടെ അദ്ദേഹത്തിന് ലഭിച്ച പീഢനങ്ങൾ കാരണം വഫാത്തായിരിക്കാനാണ് സാധ്യത എന്നാണ്. മനസ്സിലാക്കാൻ കഴിയുന്നത്. ഖാലിദ് അൽ ബറാഖി സാഹിബ് നന്മയും, തഖ്വയും, സൽസ്വഭാവവും, ദീനി അധ്യാപനങ്ങളുടെ സംരക്ഷകനും ആയിരുന്നു. അവിടുത്തെ ധാരാളം അഹ്മദികളും, അനഹ്മദികളും ഇത് സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്യുമ്പോൾ ഇദ്ദേഹത്തിന്റെ സ്വരം അസാധാരണാം വിധം മനോഹരമായിത്തീരുമായിരുന്നു. വളരെ ലോല ഹൃദയനും ആളുകളോട് ദയയുള്ളവനും, തന്നിൽ അർപ്പിതമാകുന്ന ഏത് ജോലിയും വളരെ സന്തോഷത്തോട് കൂടി ചെയ്യുന്നവനും, സഹായവും ആത്മാർത്ഥതയും, ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും സ്നേഹമുള്ളനും ആയിരുന്നു. ഇതെല്ലാം ഇദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകളാണ്. തന്റെ രാജ്യത്തോടും, മുഴുവൻ ജനസമൂഹത്തോടും സ്നേഹമുള്ള വ്യക്തിയായിരുന്നു. ഒരു ലോക്കൽ ജമാഅത്തിന്റെ പ്രസിഡന്റും ആയിരുന്നു. ഈ സമയത്ത് തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി ആയിക്കൊണ്ട് സേവനങ്ങൾ ചെയ്ത് വരികയായിരുന്നു. മൂസിയായിരുന്നു. കൃത്യ നിഷ്ഠതയോടുകൂടി ചന്ദ നൽകുന്ന വ്യക്തിയായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യയും അഹ്മദിയാണ്. മൂന്ന് കുട്ടികൾ ഉണ്ട് മകൾ ശുറുഖ്, മകൻ അഹ്മദ് രണ്ട് പേരുടെയും പ്രായം 6 വയസ്സിൽ താഴെയാണ്. ഹസ്സാമുദ്ദീൻ അദ്ദേഹത്തിന്റെ അറസ്റ്റ് ആകുന്നതിനു ഏതാനു ദിവസം മുമ്പ് ജനിച്ച ചെറിയ കുട്ടിയാണ്. വഖ്ഫെ നൗവിൽ അംഗമാണ് ഈ കുട്ടി. തന്റെ ഫെയ്സ്ബുക്കിൽ, അറസ്റ്റ് ആകുന്നതിന് മുമ്പ് ഖാലിദ് അൽ ബറാഖി സാഹിബ് ഇങ്ങനെ എഴുതിയിരുന്നു. "രാജ്യ സ്നേഹം ഈമാന്റെ ആവേശമാണ്. അല്ലയോ നാഥാ ഞങ്ങളുടെ രാജ്യത്തെ സംരക്ഷിക്കണമേ, ഇതിന്റെ എല്ലാ പരാധീനതകളിൽ നിന്നും നീ സ്വാതന്ത്രം നൽകേണമേ, ഇതിനെ മുമ്പത്തേക്കാളുപരി ശക്തവും, മനോഹരവും ആക്കണമേ, ഇതിലെ നിവാസികളെ നിന്റെ സമീപസ്ഥർ ആക്കണമേ, ഈ രാജ്യവാസികളുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കേണമേ, ഇവരെ പരസ്പരം സ്നേഹിക്കുന്നവർ ആക്കിമാറ്റേണമേ, അല്ലയോ അല്ലാഹുവേ നീ എന്നന്നേക്കുമായി ശാന്തി സമാധാനത്തെയും നന്മയേയും പ്രചരിപ്പിക്കുന്നതിനായി ഈ രാജ്യത്തെ സജ്ജനങ്ങളെ സഹായിക്കേണമേ, അല്ലാഹു മുഴുവൻ മുസ്ലിം ഉമ്മത്തിന് വേണ്ടിയും ഈ രാജ്യത്തിനു വേണ്ടിയും ഈ ദുആ സ്വീകരിക്കുമാറാകട്ടെ. അങ്ങനെ അവിടത്തെ ഫസാദുകൾ അവസാനിക്കട്ടെ.

താഹിർ നദീം സാഹിബ് പറയുന്നു: "ഖാലിദ് ബറാഖി സാഹിബ് എന്നോട് എപ്പോഴും ഇമെയിൽ മുഖേന ബന്ധപ്പെടുമായിരുന്നു. സിറിയയിൽ താമസിക്കുന്ന സമയത്ത് ഞങ്ങൾ ഇദ്ദേഹത്തെ പരിചയപ്പെട്ടു. വിനയത്തിന്റെയും ആതിഥേയത്വത്തിന്റെയും മാതൃകയായിരുന്നു ഇദ്ദേഹം. വളരെ വിനയാന്വിതനും, സുസ്മേരവദനനും എളിമയുള്ളവനുമായിരുന്നു. ദമശ്കി-ൽ ജമാഅത്തിന്റെ ഒരു വീട്ടിലായിരുന്നു ഇദ്ദേഹം താമസിച്ചിരുന്നത്. അത് ഒരു ബർക്കത്തായിക്കൊണ്ടാണ് ഉപയോഗിച്ചിരുന്നത്. അദ്ദേഹത്തിന് അറിവ് നേടാൻ എത്രമാത്രം ദാഹമുണ്ടായിരുന്നെന്നാൽ മിക്കപ്പോഴും തന്റെ ഒരു ബന്ധുവിനോടൊപ്പം ഞങ്ങളുടെ അടുത്ത് വരുമായിരുന്നു. വിജ്ഞാനപരമായ കാര്യങ്ങൾ സംസാരിക്കുമായിരുന്നു. ജമാഅത്തിന്റെ ഏത് ഗ്രന്ഥം ലഭിച്ചാലും വളരെ താൽപര്യത്തോടും ആവേശത്തോടും കൂടി വായിച്ച് തീർക്കുമായിരുന്നു. ജമാഅത്തിന്റെ ലൈബ്രറിയിൽ നിന്നും ചില പഴയ അറബി ഗ്രന്ഥങ്ങളിൽ നിന്നും അൽബുശ്റ മാസികയുടെ പഴയ പതിപ്പിൽ നിന്നും ലേഖനം എടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുകയും അത് ഞങ്ങൾക്ക് അയച്ചു തരികയും ചെയ്തു. വ്യത്യസ്ഥമായ ഗ്രന്ഥങ്ങൾ തർജ്ജുമ ചെയ്യുന്നവയിൽ പ്രൂഫ്റീഡിംഗ് ചെയ്ത് സഹായിക്കുമായിരുന്നു. ഹ: മസീഹ് മൗഊദ് നോടും ഖിലാഫത്തിനോടും ആത്മാർത്ഥമായ സ്നേഹം ഉണ്ടായിരുന്നു. മസീഹ് മൗഊദ് ദിനത്തോടനുബന്ധിച്ച് ഏം.ടി.എ. യിൽ വന്ന അറബി പ്രോഗ്രാം കണ്ട് വളരെ ആവേശഭരിതനായി സന്ദേശം അയക്കുകയുണ്ടായി, മസീഹ് മൗഊദ് عليه السلام ന്റെ ഒരു ഖസീദ വളരെ വേദനാനിർഭരമായ ശബ്ദത്തിൽ ആലപിച്ച് റിക്കോർഡ് ചെയ്തിരുന്നു. ഏപ്രിൽ 1 ന് അദ്ദേഹം എനിക്ക് ഒരു കത്ത് എഴുതിയിരുന്നു. അതിന്റെ അവസാനം 2006 ൽ തനിക്കുണ്ടായ ഒരു കശ്ഫിനെ കുറിച്ച് എഴുതിയിരുന്നു. ഈ ദർശനത്തിൽ നിന്ന് അദ്ദേഹത്തിന് മനസ്സിലായത് തനിക്ക് ഭാരിച്ച ഉത്തരവാദിത്വവും പ്രധാനപ്പെട്ട ജോലിയും ലഭിക്കുമെന്നും, സത്യത്തിൽ ഉറച്ച് നിൽക്കുന്നതിനും യാതൊരു ദൗർബല്യവും കാണിക്കാതിരിക്കുന്നതിന് താക്കീതും ചെയ്യപ്പെട്ടിരുന്നു. ഈ ദർശനം ഉണ്ടായതിന് ശേഷം അദ്ദേഹം ജമാഅത്തിന്റെ സദർ ആയപ്പോൾ ഇത് പൂർത്തിയായി എന്ന് അദ്ദേഹം കരുതി. എന്നാൽ ഈ ദർശനത്തിൽ ദൗർബല്യം പ്രകടിപ്പിക്കാതെ സത്യത്തിൽ ഉറച്ച് നിന്ന് കൊണ്ട് ഈമാനിൽ കോട്ടം വരാത്ത നിലയിൽ അദ്ദേഹം തന്റെ ജീവൻ സമർപ്പിച്ചു.

അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനങ്ങളെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അവിടുത്തെ ഒരു മുബല്ലിഗ് അൻജൂം പർവേസ് സാഹിബ് എഴുതുന്നു. അദ്ദേഹം വളരെ ആത്മാർത്ഥതയോടും അർപ്പണമനോഭാവത്തൊടും കൂടി പ്രവർത്തിക്കുന്ന ആളായിരുന്നു. ഇങ്ങനെ ചെയ്യുന്നത് ഞാൻ ഒരഹ്മദിയായത് കൊണ്ടാണ് എന്നും ഇതിലൂടെ അഹ്മദികൾ സത്യസന്ധരും വിശ്വസ്തരും കഠിനാധ്വാനികളും, സൽസ്വഭാവികളും ആണെന്ന് മറ്റുള്ളവർ മനസ്സിലാക്കട്ടെ എന്നും അദ്ദേഹം പറയുമായിരുന്നു.

തബ്ലീഗിന് വളരെ ആവേശമുള്ള ആളായിരുന്നു. ജോലി സ്ഥലത്ത് തബ്ലീഗ് ചെയ്യുന്നത് അനുവദനീയമല്ലാത്ത കാരണത്താൽ, ഞാൻ അഹ്മദി സ്വഭാവമാതൃകയിലൂടെ ആളുകളെ ആകർഷിക്കുന്നതും അങ്ങനെ ആളുകൾ സ്വയം ശ്രദ്ധിക്കുന്നവരായിത്തീരുന്നതാണ് എന്നും പറയാറുണ്ടായിരുന്നു. രാജ്യത്തോട് വളരെയധികം സ്നേഹമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ മരണവും അതുതന്നെയാണ് തെളിയിക്കുന്നത്. അത്പോലെ തന്റെ ബന്ധുക്കളോടും സുഹൃത്തുക്കളോടും രാജ്യസ്നേഹത്തെക്കുറിച്ച് ഇത് ഇസ്ലാമിന്റെ അദ്ധ്യാപനമാണെന്നും പറയുമായിരുന്നു. ഞാൻ രാജ്യത്തിലെ അവസ്ഥകൾ സംബന്ധമായി നൽകിയ ഖുത്ബകൾ അവരെ കേൾപ്പിക്കുകയും തീവ്രവാദപരമായ നയങ്ങളിൽ നിന്ന് അവരെ പിന്തിരിപ്പിക്കുകയും സമാധാനത്തോടെ കഴിയാൻ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ ചില കുബുദ്ധികൾ ഇദ്ദേഹത്തിന് എതിരിൽ പ്രവർത്തിക്കുകയും ഭരണകൂടത്തിലെ ചിലരുടെ പീഢനങ്ങൾ കാരണം അദ്ദേഹം ശഹീദായി എന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. അല്ലാഹു ഇദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 November 29 at : Baitul Futuh Mosque, London.
Translation: T. Ameeruddin Sajid Moovattupuzha 8281236595

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Kerala**